




# മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയുള്ള നിയമപോരാട്ടങ്ങൾ

ജോയ് കൈതാരത്ത്

അധികാര ദുർവ്വിനിയോഗങ്ങളും അതുവഴി നടക്കുന്ന അഴിമതികളും അധികാരകേന്ദ്രങ്ങളുടെ അംഗീകാരത്തോടെ കൊടികുത്തിവാഴുന്ന കാലമാണിത്. ഇതിനെതിരെ പ്രതികരിക്കേണ്ട സംഘടിത പ്രസ്ഥാനങ്ങൾ പ്രശ്നം ആഗോളീകരണത്തിന്റെ സിരസിലാക്കി സന്ധിയാകാൻ സമൂഹത്തെ പഠിപ്പിക്കുന്നു.

അവസരത്തിനൊത്ത് ഉണരുന്നതു പതിവുപോലെ മാഫിയാ സംഘങ്ങൾ തന്നെ പ്രകൃതിവിഭവങ്ങളും പൊതുസമ്പത്തും വികസനത്തിന്റെ പേരിലും വിൽപ്പനയ്ക്ക് വയ്ക്കുന്നു. ആയിരങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതികളെക്കുറിച്ച് മന്ത്രിമാർ പ്രസംഗിക്കുമ്പോൾ പൊതുജനം ഭയത്തോടെ കേൾക്കുന്നു; കുടിയിറക്കപ്പെടുമോ, കുടിവെള്ളം ഇല്ലാതാകുമോ?

നിലവിലുള്ള പല നിയമങ്ങളും നിർമ്മിക്കപ്പെടുന്ന നിയമങ്ങളും വിഭവങ്ങളുടെയും ഭാവിതലമുറയുടെയും സംരക്ഷണമാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിലും ആ നിയമങ്ങൾ പോലും വില പേശിവിൽക്കുന്നതായാണ് അനുഭവം. നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിനുശേഷം നാം കണ്ടുകൊണ്ടിരിക്കുന്നത് അതാണ്. ആര് അധികാരത്തിൽ വന്നാലും ഭരിച്ചാലും എല്ലാറ്റിനും കാവലായി പൊതുസമൂഹത്തിന്റെ കണ്ണുണ്ടാകണമെന്ന സന്ദേശമാണ് ഈ അനുഭവങ്ങൾ നൽകുന്നത്.

കഴിഞ്ഞ അഞ്ചു വർഷങ്ങളായി സംസ്ഥാന മനുഷ്യാവകാശ സംരക്ഷണകേന്ദ്രം വിവരാവകാശ നിയമം ഉപയോഗിച്ച് നടത്തിയ അന്വേഷണങ്ങളും ലഭ്യമായ വിവരങ്ങളുടെ പിൻബലത്തോടെ നടത്തിയ നിയമപോരാട്ടങ്ങളിലെ ചില കാര്യങ്ങൾ:

### ഭൂമിയുടെ രാഷ്ട്രീയവും എച്ച്.എം.ടി ഭൂമി ഇടപാടും

വിവരാവകാശ നിയമമാണ് ഈ വികസനത്തിന്റെ മറവിലെ വിൽപനയെ പുറത്തുകൊണ്ടുവരാൻ സഹായിച്ചത്. കേരള രാഷ്ട്രീയത്തിൽ ഏറെ ആളിക്കത്തിയതും കോടതിവിധികളിലൂടെ കെട്ടടങ്ങിയതുമായ രാഷ്ട്രീയ നിയമപ്രശ്നമായിരുന്നു എച്ച്.എം.ടി ഭൂമി ഇടപാട്.

എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ സർവ്വെ 717/5 ൽ പെട്ട 70 ഏക്കർ ഭൂമി ബ്ലൂസ്റ്റാർ റിയൽറ്റേഴ്സ് എന്ന റിയൽ എസ്റ്റേറ്റ് സ്ഥാപനത്തിന് എച്ച്.എം.ടി (ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ്) 91 കോടി രൂപയ്ക്ക് വിറ്റു. ഭൂമിയുടെ നാട്ടുനടപ്പ് വില 700 കോടി രൂപയായിരുന്നു. 787 ഏക്കർ ഭൂമിയാണ് തദ്ദേശീയരിൽ നിന്നും ഒഴിപ്പിച്ചെടുത്തു എച്ച്.എം.ടിക്ക് വ്യവസായത്തിനുവേണ്ടി സർക്കാർ 1971-ൽ നൽകിയത്.

കാൽ നൂറ്റാണ്ടിലേറെകാലം ഉപയോഗിക്കാതെ തരിശായി കിടന്ന നാനൂറേക്കാർ ഭൂമിയിൽപ്പെട്ടതാണ് കണയന്നൂർ താലൂക്ക് ലാന്റ് ബോർഡ് മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഏറ്റെടുത്ത ഭൂമി. ഇത് നിയമപ്രകാരം ഭൂരഹിതർക്ക് അവകാശപ്പെട്ടതായിരുന്നു. വികേന്ദ്രീകൃത ഭൂവിതരണ നിയമനിർമ്മാണത്തിനു കേരളം ദേശീയ മാതൃകയാണെന്നാണ് നാം അഭിമാനത്തോടെ പറഞ്ഞിരുന്നത്. കൃഷിഭൂമി കൃഷിക്കാരന് നൽകിയതെന്നും കുടിയിറക്ക് തടഞ്ഞ് കുടികിടപ്പവകാശനിയമനിർമ്മാണത്തിലും മിച്ചഭൂമി കിടപ്പാടമില്ലാത്തവർക്ക് ലഭിക്കുമെന്ന് ഉറപ്പാക്കിയെന്നും അവകാശപ്പെട്ടിരുന്നതിന്റെ പൊള്ളത്തരം തുറന്നുകാട്ടപ്പെട്ട രണ്ട് സംഭവങ്ങളായിരുന്നു ഈ കാലയളവിൽ കേരളം ചർച്ച ചെയ്യപ്പെട്ടത്.

ചെങ്ങറ എസ്റ്റേറ്റിനോടനുബന്ധിച്ച് ഹാരിസൺ കയ്യേറിയ വനഭൂമിയിൽ ഭൂരഹിതർ നടത്തിയ ചെങ്ങറ സമരവും മിച്ചഭൂമിയുടെ വിൽപനയിലൂടെ ഉണ്ടായ എച്ച്.എം.ടി ഭൂമി വിവാദഭൂമിക്കുമേൽ ജനാധികാര രാഷ്ട്രീയമുണ്ടെന്ന അവകാശവാദം ഉന്നയിച്ചിരുന്നവർ തന്നെ അതൊരു മിഥ്യാധാരണയായാണെന്ന് എച്ച്.എം.ടി ഭൂമി വിൽപ്പനയിലൂടെ തെളിയിച്ചു.

റവന്യൂ, വ്യവസായ മന്ത്രിമാരും ഏതാനും ഉദ്യോഗസ്ഥരും നടത്തിയ അഴിമതി വൻ അഴിമതിയായിരുന്നു. ഈ മിച്ചഭൂമിയുടെ വിൽപന വിൽപനയെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തതിനാൽ വ്യവസായ ആവശ്യത്തിന് ഏറ്റെടുത്തു ഭൂമിയിൽ വ്യവസായം മാത്രമേ അനുവദിക്കാവൂ എന്ന് ഉത്തരവായി. ഭൂമി വിൽപ്പനയ്ക്കെതിര നടത്തിയ ഇടപെടൽ പൊതുമുതൽ വഴിമാറ്റി വിൽപ്പന നടത്താനുള്ള ഭരണ




തന്ത്രം ലക്ഷ്യം വച്ച റിയൽ എസ്റ്റേറ്റ് വ്യാപാരം ഉപേക്ഷിക്കേണ്ടിവന്നു. എച്ച്.എം.ടി ഭൂമി വാങ്ങിയതുവഴി കമ്പനി കോടതിവിധിമൂലം ഉപേക്ഷിക്കേണ്ടിവരും.

**സാന്റിയാഗോ മാർട്ടിനുവിറ്റ ഭൂമി വിൽപ്പന റദ്ദാക്കി തിരിച്ചെടുത്തു. അന്വേഷണം തുടരുന്നു**

ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജ് സർവ്വെ 373/1 ൽ 15 - 65.610 ഏക്കർ ഭൂമിയിൽ അത്താണി ജംഗ്ഷനോടനുബന്ധിച്ച് ഒരുകാലത്ത് തല ഉയർത്തി നിന്നിരുന്ന വ്യവസായ സ്ഥാപനമാണ് തോഷിബ-ആനന്ദ്. ഈ ഫാക്ടറിയിൽ ബൾബും ബാറ്ററിയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ 600 ലേറെ തൊഴിലാളികൾ ജോലിചെയ്തിരുന്നു. 17-10-1967ൽ Y67 ാം നമ്പർ പട്ടയപ്രകാരം തോഷിബക്ക് സർക്കാർ ഭൂമി അനുവദിക്കുമ്പോൾ ബൾബും ഇലക്ട്രിക് ഉപകരണങ്ങളും ഉത്പാദിപ്പിക്കുന്നതിനുമാത്രമേ ഭൂമി ഉപയോഗിക്കാവൂ എന്ന പട്ടയവ്യവസ്ഥ ഉണ്ടായിരുന്നു. 1982- വരെ തോഷിബ ഫാക്ടറി നടത്തി തുടർന്ന് ക്രോംപ്ടൺ ഗ്രീവ്സ് സർക്കാരിന്റെ അംഗീകാരത്തോടെ ഫാക്ടറി ഏറ്റെടുത്തു. 1995 -ൽ ക്രോംപ്ടണും ഫാക്ടറി നിർത്തലാക്കി. തുടർന്നായിരുന്നു വിൽപ്പന ആരിക്കുന്നത്. 1998-ൽ ഭൂമിയും ഫാക്ടറിയും ഐക്കൺ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ എന്ന സ്ഥാപനത്തിന് കൈമാറാൻ ക്രോംപ്ടന് സർക്കാർ ഉത്തരവു നൽകി.

ഫാക്ടറിയിലെ മിഷനറിയുടെയും മറ്റും വിലയിലേക്കായി 4-50 കോടി രൂപ നൽകാനും തീരുമാനമായിരുന്നു. ഐക്കണിൽ നിന്നും 2-50 കോടി അഡ്വാൻസ് വാങ്ങിയ ക്രോംപ്ടൺ ഭൂമി ഐക്കണ് നൽകാതെ ലോട്ടറിരാജാവ് സാന്റിയാഗോ മാർട്ടിന് നവനീത് ഹോട്ടൽ ആരംഭിക്കാൻ 6.50 കോടി രൂപയ്ക്ക് മറിച്ച് വിൽക്കുകയായിരുന്നു. വിവരാവകാശനിയമത്തിലൂടെ വെളിച്ചം കണ്ട അഴിമതിക്കഥളേറെ ഭൂമി വിൽപ്പന നടത്താൻ ക്രോംപ്ടൺ ഗ്രീവ്സിനു പട്ടയ വ്യവസ്ഥയോ സർക്കാർ ഉത്തരവോ ഉടമസ്ഥാവകാശമോ ഒന്നും ബാധകമായിരുന്നില്ല. മാർട്ടിനാണ് ഭൂമി വാങ്ങുന്നത് അന്താരാഷ്ട്ര നിലവാരമുള്ള ഹോട്ടൽ സമുച്ചയമാണ് നിർമ്മാണ ലക്ഷ്യം. മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും നൽകിയ നിവേദനങ്ങളും വി.ഡി.സതീശൻ എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച സബ്മിഷനും കൂടാതെ തൃശൂർ വിജിലൻസ് കോടതിയിലെ ഹർജിയുമായപ്പോൾ ഭൂമി സർക്കാർ ഏറ്റെടുത്തു. സർക്കാർ ഭൂമിയുടെ വില്പനയിലൂടെ മാർട്ടിനിൽനിന്നും കോടികൾ തട്ടെയെടുത്ത ഉദ്യോഗസ്ഥരെയും രാഷ്ട്രീയക്കാരെയും സംബന്ധിച്ച അന്വേഷണമാണ് ഇപ്പോൾ വിജിലൻസ് നടത്തിക്കൊണ്ടിരിക്കുന്നത്. 125 കോടി രൂപ വരുന്നതാണ് ഭൂമി.

ബന്ധങ്ങൾക്ക്: 9447734108

---

# കാട് കയറിയ റിലയൻസ് സ്വപ്നം

**ഇന്ത്യയിൽ** നിയമം നിർമ്മിക്കാൻ നിർദ്ദേശം കൊടുക്കുന്നവർക്ക് ഇഷ്ടപദ്ധതികളാരംഭിക്കാൻ നിലവിലുള്ള നിയമങ്ങളും തടസ്സമില്ല, ആര് ഭരിക്കുന്നുവോ; അവരുടെ രാഷ്ട്രീയമോ റിയലൻസിനെ സംബന്ധിച്ച് ഒന്നുമല്ലെന്ന് തെളിയിക്കുന്നതായിരുന്നു തൃശൂർ കോർപ്പറേഷനിലെ വിശദ നഗരാസൂത്രണപദ്ധതി പ്രകാരം ഭവനസമുച്ചയമേഖലയായി പ്രഖ്യാപിച്ചിടത്ത് 70 സെന്റിൽ നിയമം ലംഘിച്ച് റിലയൻസ് 2006ൽ നിർമ്മാണം ആരംഭിച്ച ഗ്യാസ് ഫില്ലിംഗ് കം പെട്രോൾ പമ്പ്.



ചിയ്യാരം വില്ലേജ് അതിർത്തിയിൽ ശക്തൻ സ്റ്റാന്റിലേക്കുള്ള ഫാ. വടക്കൻ റോഡരികിൽ സ്കൈലൈൻ ഭവനസമുച്ചയങ്ങൾക്കിടയിലാണ് കേരളത്തിലെ മേഘ ഗ്യാസ് ഫില്ലിംഗ് & പെട്രോൾ പമ്പ് നിർമ്മാണം റിലയൻസ് ആരംഭിച്ചത്. തദ്ദേശവാസികളുടെ സമ്മതപത്രമോ നിയമപരമായ രേഖകളോ ഇല്ലാതെ തൃശൂർ കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് വിഭാഗവും സംസ്ഥാന ചീഫ് ടൗൺ പ്ലാനറും റിലയൻസിന് ഇളവ് നൽകി, കുത്തകകൾക്കെതിരെ പ്രസംഗിക്കാനല്ലാതെ പ്രവർത്തിക്കുക പ്രയാസമാണല്ലോ എന്ന് ഭരണത്തിന്റെ എല്ലാ തലങ്ങളും തെളിയിച്ചു.

കൃഷിവകുപ്പ് രേഖകളിലും റവന്യൂ വകുപ്പിന്റെ അടിസ്ഥാനനികുതി രജിസ്റ്ററിലും ഭൂമി കൃഷിയാണെങ്കിലും അതും റിലയൻസിന് ബാധകമായില്ല. റിലയൻസ് ഈ മൾട്ടിപർപ്പസ് പമ്പ് നിർമ്മാണം ആരംഭിച്ച് കഴിഞ്ഞപ്പോഴാണ് തങ്ങളുടെ ജീവനും ഭീഷണിയായി ഉയരുന്ന പമ്പിനെ കുറിച്ച് തദ്ദേശവാസികൾ അന്വേഷിച്ചറിയുന്നത്. സർക്കാരിലും കോടതിയിലും കയറിഇറങ്ങിയവർ ഒരു കാര്യം ഉറപ്പിക്കാൻ കഴിഞ്ഞു: എല്ലായിടത്തും റിലയൻസിന്റെ ഇഷ്ടക്കാരാണെന്നത്. കേസും പരാതികളുമായ് മടുത്ത അവസ്ഥയിലാണ് സംസ്ഥാന മനുഷ്യാവകാശ സംരക്ഷണകേന്ദ്രവുമായി തദ്ദേശവാസികൾ ബന്ധപ്പെട്ടത്. വിവരാവകാശനിയമം റിലയൻസിനും വിനയായത് അങ്ങനെയാണ്. മനുഷ്യാവകാശ സംരക്ഷണകേന്ദ്രത്തിന്റെ വിവരങ്ങൾ ശേഖരിച്ചുള്ള ശരിയായ ഇടപെടൽ നിയമം റിലയൻസിനും പൗരനും ഒരുപോലെയാണെന്ന് ഒരുപക്ഷെ ആദ്യമായി റിലയൻസിന് തോന്നിയത് ഇവിടെയായിരിക്കാം. ആർ.ഡി.ഒ കോടതി, റവന്യൂവകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ നടത്തിയ ഇടപെടലാണ് അനുമതി തടയാൻ കാരണമായത്.